# മയ്യിത്ത് സംസ്കരണം

[ Malayalam]

# صلاة الجنازة

[ باللغة مليالم ]


പരിശോധന:
അബ്ദുല്ലാഹ് ബ്ന അബ്ദുറഹ്മാൻ അൽജിബ്രീൻ

راجعها : عبد الله بن عبد الرحمن الجبرين

പരിഭാഷ: അബ്ദുറസാഖ് സ്വലാഹി

ترجمة:عبد الرزاق الصلاحى



ناشر : دار الجواب بالرياض
ص.ب ٣٣١ الرمز البريدي ١١٣٣٣ ـ الرياض

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1430 - 2009

بسم الله الرحمن الرحيم

# മയ്യിത്ത് സംസ്കരണം

മരണത്തെ സദാസമയവും ഓർത്തു കൊണ്ടിരിക്കുകയും പുണ്ണ്യകർമ്മങ്ങൾ അനുഷ്ടിച്ചു കൊണ്ടും തിൻമകളിൽ നിന്നകന്ന നിന്നുകൊണ്ടും മരണത്തെ സ്വീകരിക്കാനായി സന്നദ്ധനാവുക എന്നത് ഓരോ മുസ്ലിമിന്റെയും ബാധ്യതയാണ്. കാരണം പ്രവാചകൻ(ﷺ) പറയാറുണ്ടായിരുന്നു. "ഭൗതിക സുഖാഢംഭരങ്ങളെ മുഴുവനും മുറിച്ചുകളയുന്ന മരണത്തെക്കുറിച്ചുള്ള ചിന്ത നിങ്ങൾ വർദ്ധിപ്പിക്കുക" – തിർമുദി –

ഒരു മുസ്ലിം മരിച്ചു കഴിഞ്ഞാൽ അവന്റെ അടുത്തുള്ളവർക്ക് ധാരാളം ബാധ്യതകളുണ്ട്.

1. അതിന്റെ ഇരു കൺപോളകളും അടപ്പിക്കുക. കാരണം അബൂസലമ(ﷺ) മരണപ്പെട്ടപ്പോൾ പ്രവാചകൻ(ﷺ) അദ്ദേഹത്തിന്റെ കൺപോളകൾ അടച്ചു പിടിച്ചുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി. "ആത്മാക്കൾ പിടിക്കപ്പെട്ടാൽ കണ്ണുകൾ അവയെ പിൻതുടരുന്നതാണ്" – മുസ്ലിം –

2. ഓരോ സന്ധികളും പിടിച്ചുകൊണ്ട് ശരീരം നിവർത്തി നേരെയാക്കി വെക്കുക. ഇതിന് താമസിച്ചാൽ ശരീരം മരവിക്കുകയും പിന്നീട് ശരിയാക്കാൻ കഴിയാതിരിക്കുകയും ചെയ്യും. വയറിനു മുകളിൽ താക്കോൽ പോലുള്ള എന്തെങ്കിലും ഒന്നു വെക്കുന്നതും നല്ലതാണ്..

3. ശരീരം മഴുവനായി മറയുന്ന വസ്ത്രം കൊണ്ട് പുതക്കുക. ആയിശ(رضي الله عنها) പറയുന്നത് കാണുക.: "പ്രവാചകൻ(ﷺ) വഫാത്തായപ്പോൾ അവിടുത്തെ ശരീരം വരകളുള്ള ഒരു പുതപ്പു കൊണ്ട് മൂടുകയുണ്ടായി". _ബുഖാരി, മുസ്ലിം_

4. കുളിപ്പിക്കുക, നമസ്കരിക്കുക, സംസ്കരിക്കുക പോലുള്ള അനുബന്ധ കാര്യങ്ങളെല്ലാം തന്നെ വേഗത്തിൽ ചെയ്തു തീർക്കുക .പ്രവാചകൻ(ﷺ) പറയാറുണ്ടായിരുന്നു: “ശവസംസ്കാരം നിങ്ങൾ വേഗത്തിൽ നിർവ്വഹിക്കുക” _ബുഖാരി, മുസ്‌ലിം_

5. മരണപ്പെട്ടവരെ ആ നാട്ടിൽ തന്നെ മറവു ചെയ്യുക. ഉഹ്ദ് രണാങ്കണത്തിൽ രക്തസാക്ഷികളായവരെ അവിടെ നിന്നു കൊണ്ടു പോകാതെ അവിടെ തന്നെ മറവു ചെയ്യുവാൻ പ്രവാചകൻ(ﷺ) കൽപിക്കുകയുണ്ടായി . _അഹ്ലു-സുനൻ_

## മയ്യിത്ത് കുളിപ്പിക്കൽ

മയ്യിത്ത് കുളിപ്പിക്കുക, കഫൻ ചെയ്യുക, നമസ്ക്കരിക്കുക, മറവ് ചെയ്യുക എന്നീ കാര്യങ്ങൾ മുസ്‌ലിം സമൂഹത്തിന്റെ പൊതു ബാധ്യതയായ ‘ഫറള് കിഫ’യാകുന്നു. ആരെങ്കിലും ഇത് ചെയ്താൽ എല്ലാവരും കുറ്റത്തിൽ നിന്നു മുക്തരാവും, എന്നാൽ ഒരാളും ചെയ്യാതിരുന്നാൽ എല്ലാവരും കുറ്റത്തിന് അർഹരുമാവും. മയ്യിത്ത് കുളിപ്പിക്കാൻ ഏറ്റവും അർഹമായത് അതിനായി വസ്വിയ്യത്ത് ചെയ്യപ്പെട്ടവരുണ്ടെങ്കിൽ അവരാകുന്നു പിന്നീട് പിതാവ്, പിതാമഹാൻ, മക്കൾ അടുത്ത ബന്ധുക്കൾ മറ്റുള്ളവർ എന്നിങ്ങനേയും. മരണപ്പെട്ടത് സ്ത്രീയാണെങ്കിൽ വസ്വിയ്യത്ത് ചെയ്യപ്പെട്ടവരുണ്ടെങ്കിൽ അവരും. പിന്നീട മാതാവ്, മക്കൾ, അടുത്ത ബന്ധുക്കൾ മറ്റുള്ളവർ എന്നിങ്ങനേയുമാകുന്നു. ഭർത്താവ് മരണപ്പെട്ടാൽ ഭാര്യക്കും ഭാര്യ മരണപ്പെട്ടാൽ ഭർത്താവിനും കുളിപ്പിക്കാം. കാരണം നബി(ﷺ) അയിശ(رضي الله عنها)യോട് ഇപ്രകാരം പറയുമായിരുന്നു: “നീ എന്റെ മുമ്പു മരണപ്പെടുകയാണെങ്കിൽ നിന്നെ ഞാൻ കുളിപ്പിക്കും.” _അഹ്മദ്_

അബൂബക്കർ(ﷻ) തന്റെ പത്നിയോട് അദ്ദേഹത്തെ കുളിപ്പിക്കാൻ വസ്വിയ്യത്ത് ചെയ്തിരുന്നു. _മുസ്വന്നിഫ് അബ്ദു റസാഖ്_ ഏഴുവയസ്സിനു താഴെയുള്ള കുട്ടികളെ സത്രീ പുരുഷ വ്യത്യാസമന്യേ കുളിപ്പിക്കാവുന്നതാണ്. പുരുഷൻമാർ മാത്രമുള്ള ഒരിടത്ത് ഒരു സ്ത്രീ മരണപ്പെട്ടാലും മറിച്ചാണെങ്കിലും കുളിപ്പിക്കുന്നതിനു പകരം തയമ്മം ചെയ്യേണ്ടതാണ്. ഒരാൾ തന്റെ കൈകൾ മണ്ണിലടിക്കുകയും മയ്യിത്തിന്റെ മുഖവും കൈ പടങ്ങളും തടവി കൊടു

ക്കുകയും ചെയ്തുകൊണ്ടാണ് തയമ്മം ചെയ്യേണ്ടത്. മുസ്ലിംകൾക്ക് അമുസ്ലിംകളെ കുളിപ്പിക്കുവാനോ മറവു ചെയ്യുവാനോ പാടില്ല.. (അനിവാര്യ ഘട്ടങ്ങളിൽ മാത്രം മറവുചെയ്യൽ അനുവദനീയമാണ്. :വിവർത്തകൻ) എന്നാൽ അവർക്ക്വേണ്ടി നമസ്കരിക്കലും, പാപമോചനത്തിനു പ്രാർത്ഥിക്കലും നിഷിദ്ധമാണ്. കാരണം ഖുർആൻ പറയുന്നത് കാണുക "അവരുടെ കൂട്ടത്തിൽ നിന്ന് മരണപ്പെട്ട യാതൊരാളുടെ പേരിലും നീ ഒരിക്കലും നമസ്ക്കരിക്കരുത്" _തൗബ ; 4_

മരിച്ചവർക്കു വേണ്ടി നിർവ്വഹിക്കപ്പെടുന്ന ഏറ്റവും ശ്രേഷ്ഠമായ കർമ്മമാണ് നമസ്ക്കാരം. അതു തന്നെ അമുസ്ലിംകൾ മരണപ്പെട്ടാൽ പാടില്ല എന്ന് വരുമ്പോൾ മറ്റു അനന്തര കാര്യങ്ങളെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ..

കുളിപ്പിക്കുന്ന സമയത്ത് മയ്യിത്തിന്റെ നഗ്നത മറക്കുകയും ധരിച്ചിരുന്ന വസ്ത്രം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. (ചിത്രം–1)




മൃത ശരീരത്തിൽ വല്ല ന്യൂനതകളും ഉണ്ടെങ്കിൽ ജനങ്ങളുടെ ദൃഷ്ടിയിൽ പെടാതിരിക്കാനും, മറയുള്ള സ്ഥലത്തുവെച്ചു കൊണ്ട് കുളിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. പിന്നീട് മയ്യിത്തിനെ ഏകദേശം ഇരുത്തുന്ന രൂപത്തിൽ തലയുടെ ഭാഗത്തു നിന്നു ഉയർത്തി പിടിക്കുകയും വലതു കൈകൊണ്ട് വയറിൽ സൗമ്യമായി അമർത്തി തടവുകയും ചെയ്യുക. (ചിത്രം–2)




അപ്പോൾ വെള്ളം ധാരാളമായി ഒഴിച്ചു കൊണ്ടിരിക്കണം. വയറിൽ നിന്ന് വല്ല മാലിന്യങ്ങളും പുറത്തുവരുന്നുണ്ടെങ്കിൽ അതു ശുദ്ധിയാക്കുന്നതിന് വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.

ശേഷം കൈഉറയോ കൈയ്യിൽ ശീല ചുറ്റിയോ മയ്യത്തിന്റെ ഗുഹ്യ ഭാഗ ങ്ങൾ ശുദ്ധിയാക്കുക. (ചിത്രം-3)




പിന്നീട് ബിസ്മി ചൊല്ലി കൊണ്ട് സാധാരണ പോലെ വുളു ചെയ്തു കൊടുക്കുക. നബി(ﷺ)യുടെ പുത്രിയായിരുന്ന സൈനബ്(رضي الله عنها)യെ കുളിപ്പിച്ചവരോട് അവിടുന്ന് ഇപ്രകാരം പറ യുകയുണ്ടായി. വുളു ചെയ്യുന്ന അവയവങ്ങളിൽ വലതു ഭാഗത്തു നിന്ന് തുടങ്ങുക.-ബുഖാരി, മുസ്‌ലിം-


ജഡത്തിന്റെ മൂക്കിലോ വായിലോ വെള്ളം ഒഴിക്കാതെ നനവുള്ള ശീല കൊണ്ട് ചുണ്ടുകൾക്കിടയിലും പൽ കോർവ്വകൾക്കിടയിലും നാസാരന്ധ്രവും വൃത്തിയാക്കണം. ശേഷം താളി കലർത്തിയ വെള്ളം കൊണ്ട് തലയും താടിയും കഴുകണം. ബാക്കിയുള്ള താളിവെള്ളം ശരീരത്തിലൊഴിക്കണം. (ചിത്രം-4,5)








ശരീരത്തിന്റെ വലതു ഭാഗത്ത് നിന്നാണ് കഴുകൽ ആരംഭി ക്കേണ്ടത്. ആദ്യം മുൻ ഭാഗവും പിന്നീട് പുറംഭാഗവുമാണ് കഴു കേണ്ടത്. (ചിത്രം-6,7)



കഴുകുമ്പോഴെല്ലാം വലതു ഭാഗത്തെ മുന്തിക്കണം. ഹദീസുകളുടെ പരാമർശം അനുസരിച്ച് മൂന്ന് പ്രാവശ്യം കഴുകലാണുത്തമം. എല്ലാ പ്രാവശ്യവും മയ്യിത്തിന്റെ വയറിൽ തടവുന്നതും നല്ലതാണ്. മുകളിലെ ഹദീസിന്റെയടിസ്ഥാനത്തിൽ മയ്യിത്തിനെ കുളിപ്പിക്കുമ്പോൾ അവസാനമായി ഒഴിക്കുന്ന വെള്ളത്തിൽ കർപ്പൂരം കലർത്തൽ സുന്നത്താണെന്ന് മനസിലാക്കാം. (ചിത്രം–8)




അത്യാവശ്യമാണെങ്കിലല്ലാതെ മയ്യിത്ത് കുളിപ്പിക്കാനായി ചൂടുവെള്ളം ഉപയോഗിക്കാതിരിക്കലും തണുത്ത വെള്ളം കൊണ്ട് കുളിപ്പിക്കുന്നതും സുന്നത്താണ്. മാലിന്യങ്ങൾ നീക്കുവാനായി സോപ്പ് പോലുള്ള വസ്തുക്കളും, ബ്രഷും ഉപയോഗിക്കുന്നതിനു വിരോധമില്ല. എന്നാൽ ശരീരം വികൃതമായേക്കാവുന്ന രൂപത്തിൽ പരുഷമായി ഉരക്കുവാൻ പാടില്ല. അസാധാരണമായി നീണ്ടിരിക്കുന്ന നഖവും മീശയും വെട്ടാവുന്നതാണ്.എന്നാൽ കക്ഷരോമങ്ങളും ഗുഹ്യ രോമങ്ങളും നീക്കാൻ പാടില്ല. തലമുടി ചീകാതിരിക്കലും സ്ത്രീകളുടെ മുടി മൂന്നായി മെടഞ്ഞ് അവ പിൻഭാഗത്തേക്ക് താഴ്ത്തി ഇടുന്നതും സുന്നത്താണ്. കുളിപ്പിക്കൽ കഴിഞ്ഞാൽ വെള്ളം തുടക്കുകയും ചെയ്യേണ്ടതാണ്.കുളിപ്പിച്ചതിനു ശേഷം വല്ല മാലിന്യങ്ങളും പുറത്തു വന്നാൽ ആ സ്ഥലം വൃത്തിയായി കഴുകുകയും ഗുഹ്യഭാഗത്ത് പഞ്ഞി വെക്കുകയും പിന്നീട് വുളു ചെയ്തു കൊടുക്കുകയും ചെയ്താൽ മതി. വീണ്ടും കുളിപ്പിക്കേണ്ടതില്ല. കഫൻ ചെയ്തതിനു ശേഷമാണ് മാലിന്യം പുറത്തു വരുന്നതെങ്കിൽ പിന്നീട് ഒന്നും ചെയ്യേണ്ടതില്ല.

ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്ത ശേഷം മരണപ്പെടുന്നവരെ താളി ഉപയോഗിച്ചു കുളിപ്പിക്കാവുന്നതാണെങ്കിലും മറ്റു സുഗന്ധം ഉപയോഗിക്കാൻ പാടില്ല. അതു പോലെ മരണപ്പെട്ടത് പുരുഷനാണെങ്കിൽ കഫൻ ചെയ്യുമ്പോൾ തല മറക്കുവാനും പാടില്ല. കാരണം ഇങ്ങനെയുള്ള ഒരാളെ കുളിപ്പിക്കുമ്പോൾ അവിടുന്ന് ഇപ്രകാരം പറയുകയുണ്ടായി. “നിങ്ങൾ സുഗന്ധം ഉപയോഗിക്കാതിരിക്കുകയും തല മറക്കാതിരിക്കുകയും ചെയ്യുക. നിശ്ചയം

അയാൾ അന്ത്യദിനത്തിൽ തൽബിയ്യത്ത് ചൊല്ലുന്നതായ നിലയിലായിരിക്കും ഉയർത്തെഴുന്നേൽക്കുന്നത്". -ബുഖാരി, മുസ്ലിം

യുദ്ധക്കളങ്ങളിൽ മരണപ്പെടുന്ന രക്തസാക്ഷികളെ കുളിപ്പിക്കുവാൻ പാടില്ല. "ഉഹ്ദ് യുദ്ധത്തിൽ മരണപ്പെട്ടവരെ കുളിപ്പിക്കാതെ അവരുടെ അതേ വസ്ത്രങ്ങളിൽ തന്നെ മറവ് ചെയ്യാൻ നബി(ﷺ) കൽപ്പിക്കുകയുണ്ടായി." - ബുഖാരി- രക്തസാക്ഷികളെ അതേ വസ്ത്രത്തിൽ തന്നെയാണ് മറവ് ചെയ്തിരുന്നത്, എന്നാൽ അവരുടെ ആയുധങ്ങൾ എടുത്തു മാറ്റും. ഉഹ്ദ് യുദ്ധത്തിൽ മരണപ്പെട്ട രക്തസാക്ഷികൾക്ക് നബി(ﷺ) നമസ്കരിച്ചിട്ടില്ല. -ബുഖാരി, മുസ്ലിം-

നാലു മാസം പ്രായമായ ചാപിള്ളയാണെങ്കിലും കുളിപ്പിക്കുകയും കഫൻ ചെയ്ത് നമസ്കരിക്കുകയും ചെയ്യണം. ഒരു ഹദീസിൽ ഇപ്രകാരം കാണാം.

"നിങ്ങൾ ഓരോരുത്തരും തന്റെ മാതാവിന്റെ ഗർഭാശയത്തിൽ നാൽപതു ദിവസം ബീജമായും പിന്നീട് അത്ര തന്നെ ഭ്രൂണമായും ശേഷം അത്ര നാൾ മാംസപിണ്ഡമായും കഴിയുന്നു. പിന്നീട് ഒരു മലക്കിനെ നിയോഗിക്കുയും ജീവൻ നൽകുകയും ചെയ്യുന്നു" - മുസ്ലിം -

എന്നാൽ നാലുമാസം തികയുന്നതിന് മുമ്പ് അത് കേവലം ഒരു മാംസക്കഷ്ണം മാത്രമായിരിക്കും അതിനെ കുളിപ്പിക്കുകയോ കഫൻ ചെയ്ത് നമസ്കരിക്കുകയോ ചെയ്യേണ്ടതില്ല. അതെവിടെയെങ്കിലും കുഴിച്ചിട്ടാൽ മതിയാവുന്നതാണ്. ജഡം കുളിപ്പിക്കാനാവാത്ത രൂപത്തിൽ കത്തിക്കരിഞ്ഞതോ വികൃതമായതോ വെള്ളം ലഭിക്കാതിരിക്കുകയോ ചെയ്താൽ കുളിപ്പിക്കുന്നതിനു പകരമായി തയമ്മം ചെയ്തു കൊടുക്കേണ്ടതാണ്. അവിടെയുള്ള ഒരാൾ ഇരുകൈകളും മണ്ണിലടിച്ച് മയ്യിത്തിന്റെ മുഖവും കൈപടങ്ങളും തടവി കൊടുത്തു കൊണ്ടാണിത്. മയ്യിത്തിന്റെ ശരീരത്തിൽ വല്ല ന്യൂനതകളും കണ്ടാൽ അത് പരസ്യപ്പെടുത്താതെ വളരെ രഹസ്യമായി സൂക്ഷിക്കൽ കുളിപ്പിക്കുന്ന വ്യക്തികൾക്ക് നിർബന്ധമാണ്. നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി. "ആരെങ്കിലും ഒരു മുസ്ലിം ജനാസയെ കുളിപ്പിക്കുകയും അതിന്റെ ന്യൂനതകൾ മറച്ചു വെക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അദ്ദേഹത്തിന് നാൽപതു വട്ടം പൊറുത്ത് കൊടുക്കും" -ഹാകിം-

# കഫൻ ചെയ്യൽ

മരിച്ച വ്യക്തിയുടെ പണം കൊണ്ടു വാങ്ങിയ വസ്ത്ര ത്തിലാണ് കഫൻ ചെയ്യേണ്ടത്. ഇഹ്റാമിന്റെ വേഷത്തിൽ മരിച്ച വ്യക്തിയെ കുറിച്ച് നബി(ﷺ) പറഞ്ഞത് "അദ്ദേഹത്തിന്റെ വസ്ത്ര ത്തിൽ നിങ്ങൾ കഫൻ ചെയ്യുക എന്നായിരുന്നു. അയാളുടെ സ്വത്തിൽ നിന്ന് തന്റെ കടബാധ്യതയെക്കാളും അനന്തരാവകാശ ത്തേക്കാളും മുന്തിക്കേണ്ടത് കഫൻ പുടവക്കാണ്. കഫൻ പുടവ ക്കുള്ള വകയില്ലാത്ത വ്യക്തിയാണ് മരണപ്പെട്ടതെങ്കിൽ പിതാവ്, പിതാമഹാൻ, മക്കൾ, അടുത്ത ബന്ധുക്കൾ എന്നിങ്ങനെ അയാളുമായി ഏറ്റവും അടുത്ത ബന്ധുക്കളാണതിനുള്ള വില നൽകേണ്ടത്. അങ്ങനെ അവകാശികളില്ലാത്ത സന്ദർഭങ്ങളിൽ പൊതു ഖജനാവിനും, അതുമില്ലാത്ത സന്ദർഭങ്ങളിൽ ഈ അവ സ്ഥയറിയുന്ന മറ്റു മുസ്‌ലിംകൾക്കും ഇത് ബാധ്യതയാകും .നിർബ ന്ധമായും ഉണ്ടായിരിക്കേണ്ട കഫൻ പുടവയുടെ രൂപം ശരീരം മുഴുവനായി മറയുന്ന ഒരു വസ്ത്രമാണ്. എന്നാൽ പുരുഷനാ ണെങ്കിൽ വെളുത്ത മൂന്നു വസ്ത്രം ഉണ്ടായിരിക്കൽ സുന്നത്താണ്. നബി(ﷺ)യെ മൂന്നു വസ്ത്രത്തിലായിരുന്നു കഫൻ ചെയ്തത്." –ബുഖാരി, മുസ്‌ലിം–

# കഫൻ ചെയ്യുന്ന രൂപം

മൂന്നുതുണികളും സുഗന്ധംപൂശി ഒന്നിനു മുകളിൽ ഒന്നായി നിവർത്തി വെക്കുക. കുന്തിരിക്കം, പനനീർ പോലുള്ള സുഗന്ധ ദ്രവ്യം ഉപയോഗിക്കുന്നത് നല്ലതാണ്. (ചിത്രം–9) മയ്യത്ത് അതിൽ മലർത്തിക്കിടത്തുക. രണ്ടു ചന്തിക്കെട്ടുകൾക്കിടയിലായി സുഗന്ധം പൂശിയ പഞ്ഞി വെക്കുകയും ചെയ്യുക. ഒരു തുണിക്കഷ്ണത്തിൽ സ്വൽപം പഞ്ഞിവെക്കുകയും അതു കൊണ്ട് ജഡത്തിന്റെ നഗ്നത മറയുന്ന രൂപത്തിൽ ചുറ്റുന്നതും സുന്നത്താണ്. (ചിത്രം–10)



ചില സഹാബികൾ ചെയ്തിരുന്നതനുസരിച്ച് ശരീരം മുഴുവനും, നാസാരന്ധ്രങ്ങൾ, കണ്ണ്, ചെവി, ചുണ്ടുകൾക്കിട എന്നീ സ്ഥല ങ്ങളിലും സുഗന്ധം പൂശാവുന്നതാണ്. മയ്യിത്തിന്റെ വലതു ഭാഗ ത്തെ തുണി കൊണ്ട് പൊതിയുക. (ചിത്രം-11) ശേഷം ഇടതുഭാഗത്തെയും തുണികൊണ്ട് പൊതിയുക. അപ്പോൾ ആ ചെറിയ തുണിക്കഷ്ണം വലിച്ചെടുക്കേണ്ടതാണ്. പിന്നീട് ഓരോ തുണികൾ കൊണ്ടും ഇതേ രൂപത്തിൽ തന്നെ മയ്യിത്തിനെ പൊതിയുകയും ചെയ്യുക. (ചിത്രം-12)








ഇങ്ങനെ കഫൻ പുടവകൾ കൊണ്ട് നന്നായി ചുറ്റിയശേഷം അവ നീങ്ങാതിരിക്കുവാനായി ചരടു പോലുള്ള വസ്തുക്കൾ കൊണ്ട് ഭദ്രമായി ആവശ്യത്തിനനുസരിച്ച് കെട്ടുകയും ചെയ്യുക.(ചിത്രം-13) ഈ കെട്ടു കയറുകൾ ജഡം ഖബറിൽ വെക്കുമ്പോൾ അഴിച്ചിടേണ്ടതാണ്. രണ്ടറ്റങ്ങളിലും പിരിച്ചു മടക്കിവെക്കുകയും ചെയ്യുക. (ചിത്രം-14).







മുകളിൽ വിവരിച്ച രൂപത്തിൽ കഫൻ ചെയ്യലാണ് അതിന്റെ ഏറ്റ വും ശ്രേഷ്ഠവും പൂർണവുമയ രൂപം.( ചിത്രം-15)എന്നാൽ ഒരു തുണിയും മറ്റൊരു വസ്ത്രത്തിലുമായും മാത്രം കഫൻ ചെയ്യലും അനുവദനീയമാണ്.




സ്ത്രീകളെ കഫൻ ചെയ്യുമ്പോൾ ഒരു തുണി, മുഖമക്കന, വലിയ നീളമുള്ള ഒരു ഖമീസ് എന്നിവയും പിന്നീട് അതിന് മുകളിലായി ശരീരം മുഴുവനും മറയുന്ന രണ്ടു കഷ്ണം തുണികളും കൊണ്ട് ആദ്യം വിവരിച്ച പോലെ ചുറ്റുകയും ചെയ്തു കൊണ്ടാണ് കഫൻ ചെയ്യേണ്ടത്.

മയ്യിത്ത് നമസ്കാരം സാമൂഹ്യ ബാധ്യതയായ 'ഫറള് കിഫ' യാണ്. പുരുഷന്റേതാണ് മയ്യിത്തെങ്കിൽ നമസ്കാര സമയത്ത് ഇമാമ് ജഡത്തിന്റെ തലയോട് ചേർന്നു കൊണ്ടും സ്ത്രീയാ ണെങ്കിൽ മധ്യഭാഗത്തായി കൊണ്ടുമാണ് നിൽക്കേണ്ടത്. നബി(ﷺ) ഇങ്ങനെയായിരുന്നു ചെയ്തിരുന്നത്. -അബൂദാവൂദ്- (ചിത്രം- 16,17)




സ്ഥലമുണ്ടെങ്കിൽ ഇമാമ് മുന്തി നിൽക്കേണ്ടതും ഇല്ലാത്തപക്ഷം മഅ്മൂമുകൾ ഇമാമിന്റെ രണ്ടു ഭാഗത്തുമായും ഒരടി പിന്നിലായി സ്വഫ് നിൽക്കേണ്ടതുമാണ്. പിന്നീട് ഇമാം നാല് തക്ബീർ ചൊല്ലണം. ഒന്നാമത്തെ തക്ബീറിനു ശേഷം സൂറത്തുൽ ഫാത്തി ഹയും രണ്ടാമത്തേതിനു ശേഷം നബി(ﷺ)യുടെ പേരിൽ സ്വലാ ത്തും ചൊല്ലണം. അതിപ്രകാരമാണ്.

اللهم صل على محمد وعلى آل محمد كما صليت على إبراهيم وعلى آل إبراهيم إنك حميد مجيد، اللهم بارك على محمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم إنك حميد مجيد)- رواه البخاري ومسلم، ووردت صيغ أخرى قريبة من هذا .

അല്ലാഹുവേ ഇബ്റാഹീമിനും കുടുംബത്തിനും നീ ഗുണം ചെയ്ത പോലെ മുഹമ്മദിനും കുടുംബത്തിനും നീ ഗുണം ചെയ്യേണമേ. നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. അല്ലാഹുവേ ഇബ്റാഹീമിനേയും കുടുംബത്തേയും നി അനുഗ്രഹിച്ചതു പോലെ മുഹമ്മദിനും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ. നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ് . (ബുഖാരി മുസ്ലിം)

മൂന്നാമത്തേതിന് ശേഷം മയ്യിത്തിനു വേണ്ടി ഹദീസുകളിൽ സ്ഥിരപ്പെട്ട പ്രാർത്ഥനകളും ചൊല്ലണം.

اللهم اغفر له وارحمه وعافه واعف عنه واكرم نزله ووسع مدخله واغسله بالماء والثلج والبردونقه من الخطايا كما ينق الثوب الأبيض من الدنس وأبدله دارا خيرا من داره وأهلا خيرا من أهله وزوجا خيرامن زوجه وأدخله الجنة وأعذه من عذاب القبر وعذاب النار

അല്ലാഹുവേ അദ്ദേഹത്തിനു നീ പൊറുത്ത് കൊടുക്കുകയും കരുണ ചെയ്യുകയും സൗഖ്യം നൽകുകയും മാപ്പ് കൊടുക്കുകയും ചെയ്യേണമേ. അദ്ദേഹത്തിന്റെ ആഥിത്യം ആദരപൂർവ്വമാക്കേണമേ. അദ്ദേഹത്തിന്റെ പ്രവേശന സ്ഥലം വിശാല മാക്കേണമേ. വെള്ളം, മഞ്ഞ്, ഹിമം എന്നിവ കൊണ്ട് അദ്ദേഹത്തെ കഴുകി ശുദ്ധിയാക്കേണമേ. വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കുന്ന പോലെ അദ്ദേഹത്തെ പാപങ്ങളിൽ നിന്ന് ശുദ്ധിയാക്കേണമേ. അദ്ദേഹത്തിന്റെ ഭവനത്തേക്കാൾ ഉത്തമ ഭവനവും കുടുംബത്തേക്കാൾ ഉത്തമ കുടുംബവും ഇണയേക്കാൾ നല്ല ഇണയേയും അദ്ദേഹത്തിനു നൽകേണമേ. അദ്ദേഹത്തെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ. ഖബറിലേയും നരകത്തിലേയും ശിക്ഷയിൽ നിന്ന് അഭയം നൽകേണമേ. നാലു മാസം പ്രായമായ ചാപിള്ളയാണെങ്കിൽ മാതാ പിതാക്കൾക്ക് വേണ്ടി കാരുണ്യത്തേയും പാപമോചനത്തേയും ചോദിച്ചു പ്രാർത്ഥിക്കണം എന്ന് ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. -അബൂദാവൂദ്-

നാലാമത്തെ തക്ബീറിനു ശേഷം സ്വൽപം മൗനം പാലിച്ചു സലാം വീട്ടണം. നബി(ﷺ) ഒരുവട്ടം തന്റെ വലതു ഭാഗത്തേക്കു മാത്രമേ സലാം വീട്ടിയിട്ടുള്ളൂ. -ഹാകിം- രണ്ടു ഭഗത്തേക്കും സലാം വീട്ടൽ അനുവദനീയമാണ്. -കൂടുതൽ മനസിലാക്കുവാൻ അൽബാനിയുടെ അഹ്കാമുൽ ജനാഇസ് എന്ന പുസ്തകം കാണുക-

നബി(ﷺ) ചെയ്തിരുന്നതനുസരിച്ച് ഓരോ തക്ബീർ ചൊല്ലു മ്പോഴും കൈകൾ ഉയർത്തൽ സുന്നത്തുണ്ട്. -ദാറുഖുത്നി- ഒരാൾക്ക് ഇമാമിന്റെ കൂടെയുള്ള തക്ബീറുകൾ ഏതെങ്കിലും നഷ്ടപ്പെട്ടാൽ അയാൾ വരുന്ന സമയത്ത് ഇമാമ് ഏതൊരു നിലയി ലാണോ ആ അവസ്ഥയിൽതന്നെ ഇമാമിനെ പിന്തുടരേണ്ടതാണ്. ഉദാഹരണമായി മയ്യിത്ത് നമസ്കാരത്തിന് ഒരാൾ താമസിച്ച് മൂന്നാമത്തെ തക്ബീറിന്റെ നേരത്താണ് എത്തിയതെങ്കിൽ അയാൾ മയ്യിത്തിന് വേണ്ടി പ്രാർത്ഥിക്കണം .ഇമാമ് സലാംവീട്ടിയ ഉടൻ മയ്യിത്ത് എടുക്കുന്നില്ലെങ്കിൽ അയാൾ നാലാമത്തെ തക്ബീറിന് ശേഷം ഫാതിഹയും മറ്റൊരു തക്ബീർ ചൊല്ലി നബി(ﷺ)യുടെ പേരിലുള്ള സ്വലാത്തും ചൊല്ലുക. ഇതിന് സാധിക്കാത്ത പക്ഷം ഇമാമിന്റെ കൂടെ സലാം വീട്ടിയാലും അയാളുടെ നമസ്കാരം സാധുവാകുന്നതാണ്.

ഒരാൾക്ക് മയ്യിത്ത് നമസ്കാരത്തിൽ പങ്കെടുക്കാൻ സാധി ക്കാതെ വന്നാൽ അയാൾക്ക് ആ ഖബറിനടുത്തു വെച്ച് അത് നിർവ്വഹിക്കൽ അനുവദനീയമാണ്. (ചിത്രം-18) അപ്പോൾ അയാൾ നീൽക്കുന്നത് അയാളുടെയും ഖിബ്ലയുടേയും ഇടയിൽ ഖബറ് വരുന്ന രൂപത്തിലായിരിക്കണം. കാരണം നബി(ﷺ)യുടെ നമസ്കാരം ആ രൂപത്തിലായിരുന്നു. -ബുഖാരി, മുസ്ലിം-




ഒരു നാട്ടിൽ മരണപ്പെട്ട വ്യക്തിക്ക് വേണ്ടി അവിടെ മയ്യിത്ത് നമസ്കാരം നിർവ്വഹിക്കപ്പെട്ടിട്ടില്ലെങ്കിൽ മറഞ്ഞ മയ്യിത്തിന് വേണ്ടി നമസ്കരിക്കലും അനുവദനീയമാണ്.

ആത്മഹത്യ ചെയ്തവർക്കും, കൊള്ളക്കാർക്കും വേണ്ടി പൊതുവേ മുസ്ലിംകൾക്ക് നമസ്ക്കരിക്കാമെങ്കിലും ഭരണാധികാ രികളും പണ്ഡിതൻമൊരും അതിൽ നിന്നകന്നു നിൽക്കലാ

ണത്തമം. മയ്യിത്ത് നമസ്കാരത്തിനായ് പള്ളിയിലല്ലാതെ പ്രത്യേകം സൗകര്യം ചെയ്യലാണ് സുന്നത്തെങ്കിലും പള്ളിയിൽവെച്ചു ജനാസ നമസ്കരിക്കലും അനുവദനീയമാണ്. നബി(ﷺ) അങ്ങനെ നമസ്കരിച്ചിട്ടുണ്ട്. -മുസ്ലിം- ഇങ്ങനെ നമസ്കാരത്തിനായ് പള്ളിയിലല്ലാതെ പ്രത്യേകം സൗകര്യം ചെയ്യുമ്പോൾ അത് ഖബർ സ്ഥാനകളോട് അനുബന്ധിച്ചായാൽകൂടുതൽ നല്ലതാണ്.

## ജനാസ കൊണ്ടുപോവുക.

ജനാസ കൊണ്ടു പോകുമ്പോൾ ചുമലിൽ വഹിക്കുക. (ചിത്രം -19) ജനാസ കൊണ്ടു പോകുമ്പോൾ വേഗത്തിൽ കൊണ്ട് പോവുക എന്ന് നബി(ﷺ) പഠിപ്പിച്ചിട്ടുള്ളതിനാൽ അത് സുന്നത്താണെന്നും മനസ്സിലാക്കാം. കൂടെ പോകുന്നവർക്ക് ജനാസയുടെ മുന്നിലും പിന്നിലും വശങ്ങളിലുമായിക്കൊണ്ടെല്ലാം നടക്കാവുന്നതാണ്.- അൽബാനിയുടെ കിതാബു അഹ്കാമുൽ ജനാഇസ് -കാണുക. ജനാസയെ അനുധാവനം ചെയ്യുന്നവർ അത് നിലത്ത് വെക്കു ന്നതിനു മുമ്പായി ഇരിക്കൽ കറാഹത്താണ്. കാരണം നബി(ﷺ) അത് വിലക്കിയിട്ടുണ്ട്.






മൂന്ന് സമയങ്ങളിൽ മറവ് ചെയ്യരുതെന്ന് നബി(ﷺ) വിലക്കിയിട്ടുണ്ട്. ആ മൂന്ന് സമയങ്ങളിൽ സംസ്കരിക്കലും കറാഹത്താണ്. ഉഖ്ബത്ബ്നു ആമിർ(رضي الله عنه)വിൽ നിന്നുദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. അവിടുന്നു പറഞ്ഞു. മൂന്ന് സമയങ്ങളിൽ ജനാസ സംസ്കരിക്കലും നമസ്കരിക്കലും നബി(ﷺ) ഞങ്ങളോട് വിരോധിച്ചിരുന്നു. സൂര്യോദയ സമയത്ത്-അത് സ്വൽപം ഉയരുന്ന വരെയും, സൂര്യൻ മധ്യത്തിൽ ആവുന്ന സമയത്ത്- അത് സ്വൽപം തെറ്റുന്നതുവരെയും,സൂര്യാസ്തമയ സമയത്ത്- അത് പൂർണ്ണമായി മറയുന്നവരെയും. ഇവയാണാസമയങ്ങൾ. -മുസ്ലിം- ഈ സമയങ്ങളിലൊഴികെ രാത്രിയിലോ പകലിലോ സൗകര്യം പോലെ മയ്യിത്ത് സംസ്കരിക്കുന്നതിന് യാതൊരു വിരോധവുമില്ല.

സ്ത്രീകളുടെ മയ്യിത്ത് ഖബറിലേക്ക് വെക്കുന്ന സമയത്ത് മുകളിൽ ഒരു മറ പിടിക്കലും സുന്നത്താണ്. ഖബറിലേക്ക് വെക്കുന്ന സമയത്ത് ഖബറിൽ മയ്യിത്തിന്റെ കാലുകൾ വരുന്ന ഭാഗത്ത് നിന്ന് തലഭാഗം ആദ്യം കുഴിയിലേക്ക് വരുന്ന രൂപത്തിൽ ഇറക്കിയ ശേഷം പതുക്കെ വലിച്ചു വെക്കലാണുത്തമം. ഈ രൂപത്തിൽ വെക്കുവാൻ അസൗകര്യമാണെങ്കിൽ ഖബറിന്റെ ഒരു ഭാഗത്തു നിന്ന് ഇറക്കി വെക്കുകയുമാകാം.

## ഖബറിന്റെ രൂപം

ഖബർ കുഴിക്കുമ്പോൾ ഒരു കുഴി കൊണ്ട് മാത്രം അവസാനിപ്പിക്കുന്നത് ശരിയല്ല. അതിനൊരു കീഴ്ഖബറോ (ഇതിന് ഷഖ് (ചിത്രം –23) എന്ന് പറയുന്നു) ഖിബ്‌ലയുടെ ഭാഗത്തേക്കായ് ഖബർ ഒരു ഭാഗത്ത് തുരക്കുന്നതോ നല്ലതാണ്. (ഇതിനാണ് ലഹദ് (ചിത്രം–22) എന്ന് പറയുന്നത്.




ദുർഗന്ധം പുറത്ത് വരാതിരിക്കാനും വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്ന് രക്ഷപ്പെടാനുമായി ആവശ്യത്തിന് ഖബറിന്റെ ആഴം വർദ്ധിപ്പിക്കണം. മയ്യിത്ത് ഖബറിൽ ഇറക്കിവെക്കുമ്പോൾ നബി(ﷺ) ചെയ്ത പോലെ بسم الله وعلى ملة رسول الله എന്ന് ചൊല്ലണം ഖിബ്‌ലയിലേക്ക് മുഖം തിരിച്ച്‌വെച്ച് വലതു ഭാഗത്തേക്ക് സ്വൽപം ചെരിച്ചു കിടത്തേണ്ടതാണ്. നബി(ﷺ)യുടെ ഒരു ഹദീസിൽ ഇപ്രകാരം കാണാം. കഅബ ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും ഖിബ്‌ലയാകുന്നു. –ബൈഹഖി– (ചിത്രം–20, 21)






ഹദീസുകളിൽ സ്ഥിരപ്പെടാത്തതിനാൽ തന്നെ മയ്യിത്തിന്റെ തലക്ക് കീഴിലായി കല്ല്, ഇഷ്ടിക എന്നിവ തലയണ പോലെ വെക്കുവാനും പാടില്ല. പിന്നീട് കീഴ്ഖബറിനു മകളിലായി ബ്ലോക്ക്, ഹുരുഡീസ്, കല്ല് പോലുള്ള വസ്തുക്കൾ കൊണ്ട് 'പാക്ക്' വെച്ചുകൊണ്ട് മൂടുക. അവക്കിടയിലുള്ള വിടവുകൾ മണ്ണു കൊണ്ട് അടക്കുക. (ചിത്രം-24)




പിന്നീട് അവിടെ കൂടിയ മുസ്‌ലിംകളെല്ലാം മൂന്നുപിടി മണ്ണ് ഖബറിലേക്കിടലും സുന്നത്താണ്. കാരണം നബി(ﷺ) അങ്ങനെ ചെയ്യാറുണ്ടായിരുന്നു. - ഇബ്നു മാജ - (ചിത്രം-25)




ഖബറാണെന്ന് തിരിച്ചറിയാനും അത് നിന്ദിക്കപ്പെടാതിരിക്കാനും വേണ്ടി ഒരു ചാൺ ഉയരത്തിൽ ഒട്ടകത്തിന്റെ പൂഞ്ഞ പോലെ ഉയർത്തുന്നതും സുന്നത്താണ്. -ബുഖാരി- ഇതാണ് തിരുനബി(ﷺ)യുടെ ഖബറിന്റെ രൂപവും. ഖബറിനു മുകളിലായി ചരൽ കല്ലുകൾ വിതറുകയും ചെയ്യുക. നബി(ﷺ)യുടെ ഖബറിനു മുകളിലായി ചരൽ കല്ലുകൾ വിതറിയിരുന്നു. (ചിത്രം-26)




ശേഷം ഖബറിന്ന മുകളിൽ വെള്ളം തെളിക്കലും സുന്നത്താണെന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. നബി(ﷺ) ഉസ്മാൻ ബ്നു മള്ഊനിനെ മറവു ചെയ്തപ്പോൾ ഖബറിൻമേൽ തലയുടെ ഭാഗത്തായി ഒരുകല്ല് വെക്കുകയുണ്ടായി. അതിനാൽ ഇപ്രകാരം ചെയ്യലും സുന്നത്താണ്. ഇതുകൊണ്ട് അവിടെ ഖബറുണ്ടെന്ന് തിരിച്ചറിയാനും സാധിക്കുന്നു.–അബൂദാവൂദ്– ഖബറുകൾ സിമന്റിടലും, വെള്ള പൂശലും, അതിൻമേൽ എടുപ്പുണ്ടാക്കലും, എഴുതി വെക്കലും, ഇരിക്കലും, ചവിട്ടലുമെല്ലാം നബി(ﷺ) വിരോധിച്ചതിനാൽ അവ ചെയ്യൽ ഹറാമാകുന്നു. – ബുഖാരി– അത്യാവശ്യം ഉണ്ടായാലല്ലാതെ ഒരു ഖബറിൽ ഒന്നിലധികം മയ്യിത്തുകൾ ഒരുമിച്ച് മറവ് ചെയ്യാനും പാടില്ല. ധാരാളം മയ്യിത്തുകൾ ഉണ്ടാവുകയും അവ സംസ്കരിക്കാനാവശ്യമായ ആളുകൾ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ഉഹ്ദിൽ നബി(ﷺ) ചെയ്ത പോലെ ഒന്നിലധികം മയ്യിത്തുകൾ ഒരേ ഖബറിൽ തന്നെ മറവു ചെയ്യാവുന്നതുമാണ്. എന്നാൽ ഒന്നിലധികം മയ്യിത്തുകൾ ഒരുമിച്ച് മറവ് ചെയ്യുമ്പോൾ ഈരണ്ട് ആളുകൾക്കിടയിൽ മണ്ണ് കൊണ്ട് മറയിടേണ്ടതാണ്.

## തഅ്സിയത്ത്

മരണപ്പെട്ടവരുടെ വീട്ടുകാർക്ക് വന്നുഭവിച്ച പ്രസ്തുത വിപത്ത് കാരണത്താൽ ഭക്ഷണം പോലുള്ള കാര്യങ്ങളിൽ ആ വീട്ടുകാർ അശ്രദ്ധയിലാകാനിടയുണ്ട്. അതിനാൽ തന്നെ അവർക്ക് ഭക്ഷണമുണ്ടാക്കി കൊടുക്കലും അവരെ അത് തിന്നുവാൻ പ്രേരിപ്പിക്കലും സുന്നത്താണ്.

ജഅ്ഫർബ്നു അബീ ത്വാലിബ്(ﷺ) മരണപ്പെട്ടപ്പോൾ നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി. "നിങ്ങൾ ജഅ്ഫറിന്റെ അശ്രിതർക്ക് ഭക്ഷണമുണ്ടാക്കി കെടുക്കുകയും അവരെ അത് തീറ്റിക്കുകയും ചെയ്യുക.നിശ്ചയം അവർക്ക് അതിനെ കുറിച്ചൊക്കെ അശ്രദ്ധമാക്കു ന്ന വിപത്താണ് സംഭവിച്ചിരിക്കുന്നത്" -അബൂദാവൂദ്-

എന്നാൽ ഇതിനു പകരമായി മരിച്ച വീട്ടിലെ ആളുകൾ തന്നെ അവിടെ സദ്യയുണ്ടാക്കി മറ്റുള്ള ജനങ്ങളെ വിളിച്ചു വരുത്തി ഭക്ഷിപ്പിക്കുന്നത് വെറുക്കപ്പെട്ട ദുരാചാരമാണ്. ഇതിനെക്കുറിച്ചു സഹാബികൾ പറയുന്നതു കാണുക. "മരിച്ച വീട്ടിലെ ആളുക ൾതന്നെ അവിടെ സദ്യയുണ്ടാക്കുന്നതും അതു തിന്നാനായി മറ്റുള്ള ജനങ്ങൾ അവിടെ ഒരുമിച്ചു കൂടുന്നതും(കഠിന പാപമായ) 'നിഹായത്ത്' ആയിട്ടണ് ഞങ്ങൾ കണ്ടിരുന്നത്" -അഹ്മദ്-

(മരണപ്പെട്ടവരുടെ വീട്ടിൽ വെച്ച് മുടി അഴിച്ചിട്ടും മുഖത്തും മാറിട ത്തിലുമടിച്ചും അട്ടഹസത്തോടെ കരയുന്നതിനാണ് നിഹായത്ത് എന്ന് പറയുന്നത്. ജാഹിലിയ്യാ കാലഘട്ടത്തിലുണ്ടായിരുന്ന ഈ ദുരാചാരത്തെ നബി(ﷺ) വിരോധിച്ചിടുണ്ട്. )-വിവ:

ഗുണപാഠമുൾകൊള്ളാനും ഖബറാളികൾക്ക് വേണ്ടി പ്രാർത്ഥിക്കു വാനും വേണ്ടി പുരുഷൻമാർക്ക് ഖബർ സന്ദർശിക്കൽ സുന്നത്താ ണ്. നബി(ﷺ) ഇപ്രകാരം പറഞ്ഞിട്ടുണ്ട്. "ഖബർ സന്ദർശിക്കരു തെന്ന് ഞാൻ നിങ്ങളോട് വിലക്കിയിരുന്നു. എന്നാൽ നിങ്ങൾ ഖബർ സന്ദർശിക്കുക. നിശ്ചയം അതു കൊണ്ട് നിങ്ങൾക്ക് പരലോ ക ബോധം ഉണ്ടായേക്കാം". -മുസ്ലിം- സ്ത്രീകൾക്ക് ഖബർ സന്ദ ർശിക്കൽ ഹറാമാണ്. നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി. "ഖ ബർ സന്ദർശിക്കുന്ന സ്ത്രീകൾ ശപിക്കപ്പെടട്ടേ".- അഹ്ലു-സുനൻ-

അവർക്ക് സഹന ശക്തി കുറവായതിനാൽ അവിടെ വെച്ച് മുഖത്തും മാറിടത്തിലുമടിച്ച് അട്ടഹസത്തോടെ കരയുക പോലു ള്ള നിഷിദ്ധമായ കാര്യങ്ങൾ ചെയ്യുവാനും മറ്റു കുഴപ്പങ്ങൾക്കും അത് കാരണമായേക്കാം. ഖബർ സന്ദർശിക്കുന്നവർ ഇപ്രകാരം പ്രാർത്ഥിക്കണമെന്നും നബി(ﷺ) പറയുകയുണ്ടായി.

السلام عليكم دار قوم مؤمنين وإنا إن شاءالله بكم لاحقون

വിശ്വാസികളുടെ ഭവനമേ, നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയു ണ്ടാവട്ടെ. അല്ലാഹു ഉദ്ദേശിക്കുമ്പോൾ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരുന്നതാണ്. -മുസ്ലിം- ഖബറുകളോട് ഭക്തി പ്രകടി പ്പിക്കലും അമിതമയി അതിനെ ബഹുമാനിക്കലും തൊട്ടു തടവി

ബർക്കത്തെടുക്കലും ശിർക്കിലേക്ക് എത്തിക്കുമെന്നത് കൊണ്ട് അവയെല്ലാം വിരോധിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## സമാശ്വസിപ്പിക്കൽ

മരണപ്പെട്ടവരുടെ ആശ്രിതരെ സമാശ്വസിപ്പിക്കൽ സുന്നത്തുണ്ട്. അപ്പോൾ ഇപ്രകാരം പ്രാർത്ഥിക്കാവുന്നതാണ്.

إن لله ما أخذ وله ما أعطى وكل شيئ عنده بأجل مسمى فاصبر واحتسب

അല്ലാഹുവിനുള്ളത് അവൻ തന്നെ എടുത്തു. അവൻ നൽകിയത് അവനുള്ളതു തന്നെ. എല്ലാത്തിനും നിശ്ചിത സമയമുണ്ട്.അതിനാൽ ക്ഷമിക്കുക, പ്രതിഫലം കാംക്ഷിക്കുക. -ബുഖാരി, മുസ്ലിം-
അല്ലാഹു നിനക്ക് മഹത്തായ പ്രതിഫലം നൽകട്ടെ പോലുള്ള മറ്റു പ്രാർത്ഥനകളും ചൊല്ലാവുന്നതാണ്. (മരണപ്പെട്ടവരോടുള്ള ദുഖത്താൽ കരയാമെങ്കിലും ശബ്ദമുയർത്തുവാനോ മുടി അഴിച്ചിട്ടും മുഖത്തും മാറിടത്തിലുമടിച്ചും അട്ടഹസത്തോടെ കരയുവാനോ പാടില്ലതന്നെ. അതുപോലെ മയ്യിത്തിന് വേണ്ടി മൂന്നു ദിവസം വരെ ദുഖാചരണം നടത്തുവാനും ഇസ്ലാം അനുവദിച്ചിട്ടുണ്ട്. ഭർത്താവ് മരിച്ച സ്ത്രീ നാലു മാസവും പത്തു ദിവസവും, ഗർഭിണികൾ പ്രസവിക്കുന്നത് വരെയും ഇദ്ദ ആചരിക്കൽ നിർബന്ധമാണ്.

നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി. ജാഹിലിയ്യാ ആചാരങ്ങൾ ചെയ്യുന്നവരും വസ്ത്രം കീറിയും മുഖത്തടിച്ചും, മുടിവലിച്ചിട്ടും കരയുന്നവരും നമ്മിൽ പെട്ടവരല്ല.-ബുഖാരി, മുസ്ലിം-

وصلى الله على نبينا محمد وآله واصحابه أجمعين

*************